# ഇടവക ദൂതൻ

(Private Circulation Only)

2014 January / February Vol. 33 Issue: 1




## ST. STEPHEN'S C.S.I. CHURCH

Vicar. REV. DR. K.T. KURIAN
MUNDIAPPALLY P.O., THIRUVALLA - 689 581
Phone: 0469-2693232. Website: www.csichurchmundiappally.org

# സെന്റ് സ്റ്റീഫൻസ് സി.എസ്.ഐ ചർച്ച്

## ചർച്ച് കമ്മറ്റി 2011-14

*വികാർ & പ്രസിഡന്റ്*

| | |
|---|---|
| റവ. ഡോ. കെ.റ്റി. കുര്യൻ | 0469-2693232, 9447472945 |

*കൈക്കാരന്മാർ*

| | |
|---|---|
| ശ്രീ. കെ.കെ. ചെറിയാൻ | 0469-2693536, 8547393536 |
| ശ്രീ. സഖറിയ ജോൺ | 0469 - 2693868 |

*സെക്രട്ടറി*

| | |
|---|---|
| ശ്രീ. സാബു ജോൺ കോരുത് | 0469-2693804, 9447123826 |

*കമ്മറ്റി അംഗങ്ങൾ*

| | |
|---|---|
| ശ്രീ. സോമൻ ജോസഫ് | 0469-2693516, 9747528347 |
| ശ്രീ. ഈ.ജി. ജോൺ | 0469 - 2693147, 8281338190 |
| ശ്രീ. തോമസ് പി. ജേക്കബ് | 0469 - 2693521, 9605663504 |
| ശ്രീ. ഈപ്പൻ കെ. ചെറിയാൻ | 0469 - 2694407, 9544413651 |
| ശ്രീ. എം.എം.മാത്യു | 0469 - 2690378, 9526426841 |
| ശ്രീ.റ്റി.റ്റി.പോത്തൻ | 0469 - 2692834, 9446219218 |
| ശ്രീ. ഗീവർഗ്ഗീസ് മാത്യു | 0469-2692676, 9847118467 |
| ശ്രീ. ജിനീഷ് വി. സഖറിയ | 0469-2690024, 9744350973 |
| ശ്രീമതി പ്രീതി സുരേഷ് | 0469-2692203 |
| ശ്രീമതി സുഷ്മ സാബു | 0469-2692066 |
| ശ്രീമതി എലിസബേത്ത് ജോർജ്ജ് | 0469-2693266, 9446966656 |
| ശ്രീമതി അന്നമ്മ ജോൺ | 0469-2693317, 9446286578 |

*ഡയോസിസൻ കൗൺസിൽ അംഗങ്ങൾ*

| | |
|---|---|
| പ്രൊഫ. വറുഗീസ് റ്റി.കുരുവിള | 0469-2693535, 9447207435 |
| ശ്രീ. എബ്രഹാം സി. ജോർജ്ജ് | 0469-2693304, 9447151776 |
| ശ്രീ. സുനിൽ എബ്രഹാം | 0469-2693084, 9496849749 |
| ശ്രീമതി സാറാമ്മ ചാണ്ടി | 0469-2692228 |

*ക്യൂറേറ്റ്സ്*

| | |
|---|---|
| റവ. എം.ഒ.ജേക്കബ് | 0469-2693296 |
| വെരി. റവ.പി.ഒ.നൈനാൻ | 0469-2683034 |

| | |
|---|---|
| ശ്രീ. മോനച്ചൻ കുഞ്ഞൂഞ്ഞ് (കപ്യാർ) | 8113977501 |

# ഇടവകപ്പട്ടക്കാരന്റെ സന്ദേശം

കർത്താവിൽ പ്രിയരെ,

നാം ഒരു പുതിയ വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. അസ്വസ്തത നിറഞ്ഞ ഈ ലോകത്തിൽ കഴിഞ്ഞ ഒരു വർഷക്കാലംകൂടെ നമ്മെയും നമ്മുടെ പ്രയപ്പെട്ടവരേയും കാത്തുപരിപാലിച്ച ദൈവത്തിനു സ്തേത്രം ചെയ്യാം. അതോ ടൊപ്പം അനേകർ തങ്ങളുടെ പ്രിയപ്പെട്ടവരുടെ വേർപാടുമൂലം ദുഃഖിക്കുന്നവ രായിട്ടുണ്ട്. അവരെ ഓർത്തു നമുക്ക് പ്രാർത്ഥിക്കാം.

ഈ പുതുവത്സരത്തോടനുബന്ധിച്ച് എന്റെ മനസ്സിലേക്ക് കടന്നുവരുന്ന വാക്യം "എഴുന്നേറ്റു പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു" എന്നതാണ്. സീയോന്റെ വരുവാനിരിക്കുന്ന മഹത്വത്തെക്കുറിച്ചത്രെ പ്രവാചകൻ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. അന്ധകാരവും കൂരിരുട്ടും ഭൂമിയെ മൂടിയിരിക്കുന്ന വേളയിലും പ്രവാചകനു പ്രത്യാശയുടെ വാക്കുകൾ അത്രേ നൽകുവാൻ ഉള്ള ത്.

ഇന്നത്തെ സാഹചര്യം ഇതിൽ നിന്നും ഒട്ടും വിഭിന്നമല്ല. എല്ലായിടത്തും ഇരുട്ടിന്റെ പ്രവർത്തനങ്ങൾ ശക്തിയാർജ്ജിക്കുന്നു. ഇന്നു സഭയിലും സമൂഹ ത്തിലും അന്ധകാരത്തിന്റെ പ്രവർത്തനങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ദൈവ ത്തേയും ദൈവീകശുശ്രൂഷകളേയും എതിർക്കുന്ന ഒരു ചുറ്റുപാടാണ് നിലവി ലുള്ളത്. ഒരുകാലത്ത് ഈ എതിർപ്പുകൾ സഭയ്ക്കു പുറത്തുനിന്നു മാത്രമായി രുന്നെങ്കിൽ ഇന്നു സഭയുടെ ഏറ്റവും വലിയ ശത്രു സഭയ്ക്ക് ഉള്ളിൽതന്നെ യാണ് എന്നുള്ളത് നാം ഓർക്കുമെങ്കിൽ നന്ന്. ഭൗതികവാദത്തിൽ മാത്രം ആശ്ര യിച്ചുകൊണ്ട് ദൈവത്തിന്റെ ആസ്തികത്വത്തെപ്പോലും ചോദ്യം ചെയ്യുന്ന ശക്തി കളുമായി കൂട്ടുപിടിച്ച് സഭ നശിപ്പിക്കുന്നതിനുവേണ്ടി ശ്രമിക്കുന്ന ഒരു കൂട്ടർ ഇന്ന് എല്ലായിടത്തും ഉണ്ട്. അങ്ങനെയുള്ളവർ എല്ലാ ആത്മീയശുശ്രൂകളേയും നിഷേധിക്കുന്നവർ ആണ്. സഭയെ ഒരു പരിധിവരെ അങ്ങനെയുള്ളവരുടെ പിടിയിൽ ആയിട്ടില്ലയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ സാഹചര്യ ത്തിൽ ദൈവത്തിനുവേണ്ടി വിളിച്ചു വേർതിരിക്കപ്പെട്ട നമുക്ക് എന്തെങ്കിലും ചെയ്യുവാൻ കഴിയുമോ? നമ്മുടെ ഉത്തരവാദിത്വങ്ങൾ എന്തെല്ലാം? ഈ പുതിയ വർഷത്തിൽ ദൈവം നമുക്ക് തരുന്ന ആലോചന നാം ആയിരിക്കുന്ന സ്ഥാന ത്തുനിന്നും എഴുന്നേൽക്കുക എന്നുള്ളതാണ്. എന്തിനുവേണ്ടി? മറ്റുള്ളവർക്ക്

പ്രകാശം കൊടുക്കുവാൻ. സുവിശേഷമാകുന്ന സത്യവെളിച്ചം ലഭിച്ചവരായ നാം അടങ്ങിയിരിക്കേണ്ട കാലമല്ല ഇത്. വളരെ ജാഗ്രതയോടും, ഉത്സാഹത്തോടും കൂടെ എഴുന്നേറ്റു കർത്താവുനുവേണ്ടി പ്രവർത്തിക്കേണ്ട കാലമാണ്. നമുക്ക് ലഭിച്ചിരിക്കുന്ന വെളിച്ചം നാം മറ്റുള്ളവരുമായി പങ്ക് വെയ്ക്കണം എന്നുള്ളത് ഇന്നിന്റെ ആവശ്യമെത്രെ. എന്നാൽ അതിനു കഴിയാതെവണ്ണം ഇന്നു നമ്മുടെ ദർശനം നഷ്ടപ്പെട്ടു മനസ്സാക്ഷി മരവിച്ചുകൊണ്ടിരിക്കുന്നു.

റെഡ് ഇന്ത്യൻസ് വെള്ളത്തിൽ ഇരിക്കുന്ന ഒരു പ്രത്യേകതരം പക്ഷിയെ പിടിക്കുന്ന രീതിയെക്കുറിച്ച് കേട്ടിട്ടുണ്ട്. അതിന്റെ തൂവലുകൾ നല്ല കാഴ്ച വസ്തു ആയതിനാൽ, പിടിക്കുമ്പോൾ തൂവലുകൾ നഷ്ടപ്പെടാതിരിക്കുവാൻ ജീവനോടെ കൈകൊണ്ടു പിടിക്കുവാൻ ശ്രമിക്കും. എന്നാൽ നേരിട്ടു ആദ്യമേ തന്നെ പിടിക്കാൻ ചെന്നാൽ അതു പറന്നു പോകും. അതിനാൽ ആദ്യമേ മത്തങ്ങാ അത് ഇരിക്കുന്ന സ്ഥലത്തിന് അടുത്തുകൂടി ഒഴുക്കും. മത്തങ്ങാ ആദ്യം കാണുമ്പോൾ പക്ഷി പറന്നുപോകും. അടുത്ത പ്രവശ്യവും മത്തങ്ങാ ഒഴുക്കും. രണ്ടാമത്തെ പ്രവശ്യം അതിന് അത്രയും ഭയമില്ല. ഇങ്ങനെ പലപ്രാവശ്യം ആയിക്കഴിയുമ്പോൾ അതിന് മത്തങ്ങയോടുള്ള ഭയം പൂർണ്ണമായും മാറികഴിയും. ഈ അവസരത്തിൽ മത്തങ്ങാ തുരന്ന് ഒരാളുടെ തലയിൽ കയറ്റി വെള്ളത്തിൽക്കൂടി നീന്തിവരും. കണ്ടാൽ മത്തങ്ങാ വരുന്നതായിട്ടേ തോന്നുകയുള്ളൂ. ആ സമയത്തു മത്തങ്ങാ കണ്ടാൽ ഭയമില്ലാത്ത ഈ പക്ഷിയെ അങ്ങനെ ജീവനോടെ പിടിക്കും. ഇത് നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ എത്ര അർത്ഥവത്താണ്. പലതിനോടും നാം ആദ്യം അല്പം പ്രതികരിക്കും. പിന്നീട് കുറേശെയായി പ്രതികരണശേഷി നഷ്ടപ്പെടുന്നു. അതിനാൽ ഈ കാലങ്ങളിൽ സഭയ്ക്കും സത്യസുവിശേഷത്തിനും എതിരായി ഉയർന്നുകൊണ്ടിരിക്കുന്ന വെല്ലുവിളികളെ നേരിടുവാൻ നമുക്ക് എഴുന്നേൽക്കാം. ഈ പുതുവത്സരത്തിൽ ദൈവം അതിനു നമുക്ക് കൃപ തരുമാറാകട്ടെ.

എല്ലാവർക്കും സൗഭാഗ്യകരമായ ഒരു പുതുവത്സരം ആശംസിക്കുന്നു.

എന്ന്

കർതൃശുശ്രൂഷയിൽ

നിങ്ങളുടെ സ്നേഹമുള്ള കുര്യനച്ചൻ

# വാർത്തകളും കുറിപ്പുകളും

**മല്ലപ്പള്ളി യൂണിയൻ ക്രിസ്ത്യൻ കൺവൻഷൻ**

മല്ലപ്പള്ളി യൂണിയൻ ക്രിസ്ത്യൻ കൺവൻഷൻ 2014 ജനുവരി 19 മുതൽ 26 വരെയുള്ള തീയതികളിൽ മല്ലപ്പള്ളി സി.എം.എസ്. ഹൈസ്കൂൾ ഗ്രൗണ്ടിൽ വച്ച് നടത്തപ്പെടുന്നതാണ്. കഴിയുന്നിടത്തോളം ആളുകൾ അതിൽപോയി സംബന്ധിക്കണം എന്ന് താല്പര്യപ്പെടുന്നു.

**മേഘാലയാ ക്വയർ**

ഇന്ത്യൻ ഇവാഞ്ചലിക്കൽ മിഷന്റെ (IEM) ആഭിമുഖ്യത്തിൽ മേഘാലയാ ക്വയറിന്റെ പ്രത്യേക ഗാനശുശ്രൂഷ ജനുവരി 27 ന് തിങ്കളാഴ്ച വൈകിട്ട് നമ്മുടെ പള്ളിയിൽ വച്ചു നടത്തപ്പെടുന്നതാണ്. പ്രാർത്ഥനയോടുകൂടെ എല്ലാവരും അതിൽ സഹകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

**മഹായിടവക കൺവൻഷൻ**

ഈ വർഷത്തെ മഹായിടവക കൺവൻഷൻ ജനുവരി 26 മുതൽ ഫെബ്രുവരി 2 വരെയുള്ള തീയതികളിൽ കോട്ടയം ബേക്കർ സ്കൂൾ കോമ്പൗണ്ടിൽ വച്ചു നടത്തപ്പെടുന്നതാണ്. കഴിയുന്നിടത്തോളം ആളുകൾ അതിൽ സംബന്ധിക്കണം എന്ന അപേക്ഷിക്കുന്നു.

**വിശുദ്ധ വിവാഹം**

14.12.2013 ഈ ഇടവകയിൽ തൈപ്പറമ്പിൽ ജിബി ജേക്കബും ചെട്ടികുളങ്ങര കൊലശേരിൽ ജയിൻ ഡാനിയേലും തമ്മിൽ വിവാഹിതരായി. നവദമ്പതികളെ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇടവകയുടെ ആശംസകൾ അറിയിക്കുന്നു.

**ചരമം**

ഏലിയാമ്മ മാമ്മൻ (90) മുണ്ടയ്ക്കൽ 6.11.2013

മറിയാമ്മ കോശി (85) ഒറ്റപ്ലാമൂട്ടിൽ 1.12.2013

“കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ”

വേർപാടിന്റെ ദുഃഖത്തിലിരിക്കുന്ന കുടുംബങ്ങളെ ദൈവം ആശ്വസിപ്പിക്കട്ടെ. ഇടവകയുടെ അനുശോചനം അറിയിക്കുന്നു.

**50 വയസ്സിനു മുകളിലുള്ളവരുടെ പ്രത്യേക മീറ്റിംഗ്**

50 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കുവേണ്ടിയുള്ള ഒരു പ്രത്യേക മീറ്റിംഗ് 22.01.2014 ബുധനാഴ്ച രാവിലെ 10 മണിക്ക് പള്ളിയിൽ വച്ചു നടത്തപ്പെടുന്നു. വാർദ്ധക്യസഹജമായ രോഗങ്ങൾ, ശരീരത്തെ ആരോഗ്യത്തോടെ സൂക്ഷിക്കുക മുതലായ വിഷയങ്ങളെക്കുറിച്ചു ഡോ. മാത്യു ജോൺ വല്ല്യേട്ട് പ്രത്യേക ക്ലാസ് എടുക്കുന്നു. എല്ലാവരേയും പ്രത്യേകം ക്ഷണിക്കുന്നു.

കുറിവാക്യം

***"നീതിമാന്മാരുടെ ഭവനമോ നിലനിൽക്കും"***

സദൃശ്യ വാക്യങ്ങൾ 12:7

***'' The Family of the Godly stands firm''***

Proverbs 12:7

# ഗൗരവ നീയുലൈന അയ്യഗാരു, മീക്കു വന്ദനാലു

എം.എം. മാത്യു, മൈലയ്ക്കൽ

2013 നവമബർ 3 ന്റെ പ്രഭാതം അവിസ്മരണീയമായി മാറി. വർഷങ്ങളായുള്ള ഒരുക്കങ്ങൾക്കും ആശങ്കകൾക്കും പ്രതികൂലങ്ങൾക്കും വിരാമമിട്ടുകൊണ്ട് മുണ്ടിയപ്പള്ളി സെന്റ് സ്റ്റീഫൻസ് സി. എസ്.ഐ. പള്ളി വികാരി റവ. ഡോ. കെ.റ്റി. കുര്യന്റെ അത്യുത്സാഹത്താൽ ടി പള്ളിയിലെ 16 പേരടങ്ങുന്ന ഒരു ചെറു കൂട്ടം വിശ്വാസികൾ നമ്മുടെ മഹായിടവകയുടെ മിഷൻ വയലുകളായ പറക്കാൽ മിഷൻ ആന്ധ്രാമിഷൻ തുടങ്ങിയ സ്ഥലങ്ങളിലേക്ക് യാത്ര തിരിച്ചു.

അതിനു ഒരാഴ്ച മുൻപ് ആന്ധ്രയിലുണ്ടായ വെള്ളപ്പൊക്കവും ആന്ധ്രാസംസ്ഥാനം വിഭജനത്തെ തുടർന്നുണ്ടായ കോളിളക്കങ്ങളും യാത്രയെ വീണ്ടും പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവരുമോ എന്ന ആശങ്ക പോകുന്നവരുടെ പ്രാർത്ഥനാ ജീവിതത്തെ കൂടുതൽ ജ്വലിപ്പിക്കുവാൻ ഇടയായി. ദൈവം ഞങ്ങളുടെ പ്രാർത്ഥനയെ മാനിച്ചു. അതിസുന്ദരമായ കാലാവസ്ഥയും സംഘർഷങ്ങളൊട്ടുമില്ലാത്ത സമാധാനപൂർണ്ണമായ ദിനങ്ങളും ഞങ്ങൾക്ക് അവിടെ ലഭിക്കുവാൻ ഇടയായി. ദൈവത്തിനു സ്തോത്രം.

നവംബർ 2-ാം തീയതി രാത്രി ഉറങ്ങിയും ഉറങ്ങാതെയും എല്ലാവരും 3-ാം തീയതി 4 1/2 മണിയോടെ പള്ളി പരിസരത്തെത്തി. നമ്മുടെ സ്കൂൾ ബസ്സിൽ ആലപ്പുഴ റെയിൽവേ സ്റ്റേഷനിലേക്കു യാത്രയായി. 6 മണിയോടെ ആലപ്പുഴയിലെത്തി. ആവിപറക്കുന്ന ഓരോ ചായയും രുചിച്ച് 'ബിലാസ്പൂർ എക്സ്പ്രസ്' എന്തേ വരാത്തതു എന്ന ഭവത്തിൽ 2-ാം ഫ്ളാറ്റുഫോമിൽ ഇടയിക്കിടെ തെക്കോട്ടു നോക്കി ഒരു കൈബാഗിന്റെ കയ്യേലും പിടിച്ചു നില്പായി. അതാ.... വരുന്നു.... ആദ്യം കണ്ടവർ വിളിച്ചുപറഞ്ഞു. 7.10 ന് എല്ലാവരും ട്രയിനിൽ കയറി യാത്ര ആരംഭിച്ചു. കുലുങ്ങി കുലുങ്ങിയുള്ള യാത്രയിൽ ചിലർ തൂങ്ങി തൂങ്ങിയും ചിലർ പത്രം വായനയിലും ചിലർ മിന്നി മറയുന്ന കാഴ്ചകളും കണ്ടുകൊണ്ട് യാത്ര തുടർന്നു. അതിനിടയിൽ എല്ലാവരും ഒന്നിച്ചു വന്നു പാട്ടു പാടി വേദപുസ്തകം വായിച്ചു, പ്രാർത്ഥിച്ചു. 8 മണിയോടെ എല്ലാവരും പ്രഭാതഭക്ഷണം കഴിച്ചു. പലർ കൊണ്ടുവന്ന വിഭവങ്ങൾ എല്ലാവരും പങ്ക്വച്ചു കഴിച്ചു.

എറണാകുളം വരെ കംമ്പാർട്ടുമെന്റിൽ ഞങ്ങളെകൂടാതെ വിരാളമായി മാത്രമെ യാത്രക്കാർ ഉണ്ടായിരുന്നുള്ളു. എറണാകുളത്തുനിന്നും 2 കമ്പാർട്ടുകൾ നിറയത്തക്കവിധത്തിൽ ബിലാസ്പൂരിൽ നിന്ന് കേരളം കാണാനെത്തിയ സ്കൂൾ കുട്ടികൾ സ്ഥാനം പിടിച്ചു. ഞങ്ങൾ വാറങ്കൽ സ്റ്റേഷനിൽ ഇറങ്ങുന്നതുവരെ ആ കുട്ടികൾ മാന്യമായി പെരുമാറി.

12 മണിയോടെ ട്രയിൻ പാലക്കാട്ടെത്തി. അവിടെ നിന്നും എല്ലാവരും ഉച്ചഭക്ഷണത്തിനുള്ള പൊതികൾ വാങ്ങിച്ചു. 12.30 നു ട്രയിനിൽ വീണ്ടും യാത്ര തിരിച്ചപ്പോൾ എല്ലാവരും രുചികരമായ ആ ഭക്ഷണം കഴിച്ചു. മിനിട്ടുകൾകൊണ്ട് ട്രയിൻ നമ്മുടെ സംസ്ഥാനാർത്തി പിന്നിട്ടു.

കേരളം സസ്യശ്യാമളമാണെങ്കിലും തമിഴ്നാട്ടിൽ പ്രവേശിച്ചപ്പോൾ കണ്ണെത്താദൂരത്ത് വരെ വിവിധതരത്തിലുള്ള കൃഷിയിടങ്ങൾ കാഴ്ചയ്ക്കു കൗതുകമേകി. ഈറോഡും സേലവും ജ്വാലാർപേട്ടയും ഒക്കെകടന്ന് 8 മണിയോടെ കാട്പാടിയിലെത്തി. അവിടെ നിന്നും 9 മണിയോടെ എല്ലാവരും അത്താഴവും കഴിഞ്ഞ് അവരവരുടെ ബർത്തിൽ കയറി നിദ്രയിലാണ്ടു.

യാത്രയിൽ അങ്ങോളും ഇങ്ങോളം ടീമിലെ യുവതുർക്കികളായ 'സാബു' ത്രയങ്ങൾ (സാബു ജോൺ കോരുത്, സാബു ജേക്കബ്, സാബു ജോൺ ഏബ്രഹാം) എല്ലാവരേയും പൊട്ടിച്ചിരിപ്പിക്കുകയും എല്ലാ ആവശ്യ

ങ്ങളിലും എല്ലാവരേയും സഹായിക്കുകയും ചെയ്തുകൊണ്ടിരുന്നു എന്നുള്ളത് അഭിമാനാർഹമായ കാര്യമായിരുന്നു.

4–ാം തീയതിയുടെ പ്രഭാതം. എല്ലാവരും 4 മണി മുതൽ ഉണർന്ന് പ്രഭാതകൃത്യങ്ങളും കഴിഞ്ഞ് ആകാംക്ഷയോടെ വാറംഗൽ എത്തുന്നതും കാത്തിരുന്നു. നിശ്ചിത സമയത്തിനും 15 മിനിട്ട് മുമ്പെ 6.35 ന് ട്രയിൻ വാറംഗലിലെത്തി. എല്ലാവരും ലഗേജുമായി റയിൽവേ സ്റ്റേഷനു പുറത്തെത്തി.

ഞങ്ങളെ സ്വീകരിക്കാൻ അവിടുത്തെ മിഷനറിമാരായ വിജി വറുഗീസ് ഈപ്പൻ അച്ചനും പ്രതീഷ് ബാബു കുര്യൻ അച്ചനും താമസംവിനാ എത്തിച്ചേർന്നു. മുൻപരിചയം ഇല്ലാതിരുന്നതുകൊണ്ടും അച്ചന്മാർ സാധാരണ വേഷത്തിലായിരുന്നതുകൊണ്ടും ചിലർക്കെങ്കിലും അവരെ തിരിച്ചറിയാൻ സാധിച്ചില്ല. കൃത്യം 7 മണിക്കു തന്നെ അവിടെ നിന്നും 3 വാഹനങ്ങളിലായി പറക്കാൽ മിഷനിലേക്ക് യാത്ര തിരിച്ചു. ഇരുപുറവും വിശാലമായ നെൽപ്പാടങ്ങൾക്കു നടുവിലൂടെയുള്ള റോഡിലൂടെ ശരവേഗത്തിൽ വാഹനത്തിൽ പോയതും കാണുന്ന ഓട്ടോറിക്ഷകളിലെല്ലാം 16 ലധികം ആളുകളെ കയറ്റിയുള്ള യാത്രയുമെല്ലാം പുതിയ അനുഭവങ്ങളായിരുന്നു. 7.45 ന് ദൈവകൃപയാൽ എല്ലാവരും പറക്കാൽ മിഷന്റെ ആസ്ഥാനത്ത് എത്തിച്ചേർന്നു. വിജി അച്ചന്റെ കൊച്ചമ്മ എല്ലാവർക്കും ചായ നൽകി ഞങ്ങളെ സ്വീകരിച്ചു.

അവരവർക്ക് നിർദ്ദേശിക്കപ്പെട്ടിരുന്ന താമസസ്ഥലത്തെത്തി എല്ലാവരും ദിനകൃത്യങ്ങൾ കഴിഞ്ഞ് പ്രഭാതക്ഷഭണത്തിനായി പറക്കാൽ മിഷൻ സമുച്ചയത്തിലെ 'Home of Love' ലേക്കു പോയി. സാറാമ്മ സിസ്റ്ററിന്റെയും ജസീന സിസ്റ്ററിന്റെയും മേൽനോട്ടത്തിൽ നടക്കുന്ന 'ഹോം ഓഫ് ലൗ' ൽ നിരാലംബരായ 27 പെൺകുട്ടികൾ പാർത്ത് വിദ്യാഭ്യാസം ചെയ്യുന്നു. അവിടെ നിന്നും പ്രഭാത ഭക്ഷണം കഴിച്ച് 9.30 ന് വിവിധ മിഷൻ വയലുകൾ സന്ദർശിക്കുവാനായി പുറപ്പെട്ടു.

10.30 മണിയോടെ 'മലക്കാപ്പെട്ട്' സി.എസ്.ഐ. ക്രൈസ്റ്റ് ദേവാലയത്തിലെത്തി. തിരുവനന്തപുരം ക്രൈസ്റ്റ് ചർച്ച് സ്പോൺസർ ചെയ്യുന്ന ഈ സഭയിൽ 35 കുടുംബങ്ങളുണ്ട്. കൂടുതൽ ആളുകളും കൃഷി പണികൾക്കായി പോയിരുന്നതുകൊണ്ട് കുറെ സഭാജനങ്ങൾ മാത്രമെ കൂടി വന്നുള്ളു. ഞങ്ങൾ എല്ലാവരും ചേർന്ന് മലയാളത്തിലും തെലുങ്കിലുമായി 'പരിശുദ്ധാത്മാവെ ശക്തി പകർന്നിടണെ.. 'കരുതുന്നവൻ ഞാനല്ലയോ' മുതലായ പാട്ടുകൾ പാടി ദൈവത്തെ ആരാധിച്ചു. അവരിൽ ചിലരുടെ സാക്ഷ്യം കേട്ടു. സിസ്റ്റർ ജസീന പരിഭാഷപ്പെടുത്തിതന്നു. ബഹുമാനപ്പെട്ട കുര്യനച്ചൻ ചെറുദൂത് നല്കി. എഞ്ചിനീയറിംഗ് ബിരുദധാരിയായ പ്രഭുദാസ് ശുശ്രൂകനായും പറക്കാൽ സ്കൂളിലെ അദ്ധ്യാപകാനായും പ്രവർത്തിക്കുന്നു. അദ്ദേഹവും കുടുംബവും താമസിക്കുന്ന മിഷൻ വീടിന്റെ സ്ഥിതി അതിദയനീയമാണ്. വിഷപാമ്പുകളോടും മഴയോടും മഞ്ഞിനോടും മല്ലിട്ടാണ് അവർ ആ മൺവീട്ടിൽ പാർക്കുന്നത്. നാം ഒരു കൈ സഹായിച്ചാൽ നനയാത്തതും ഇഴജന്തുക്കൾ കയറാത്തുമായ ഒരു ചെറു വീട്ടിൽ പാർത്ത് അവർക്ക് ദൈവവേല ചെയ്യുവാൻ സാധിക്കും. അവർ പലഹാരങ്ങളും പാനീയങ്ങളും നല്കി ഞങ്ങളെ സ്വീകരിച്ചു. അവിടെ നിന്നും 12 മണിയോടെ തിരികെ പറക്കാലിലേക്ക് പുറപ്പെട്ടു. ഒരു മണിയോടെ 'ഹോം ഓഫ് ലൗ' ൽ എത്തി. വിഭവസമൃദ്ധമായ ഉച്ചഭക്ഷണവും കഴിഞ്ഞ് 3.30 വരെ വിശ്രമിച്ചു. 4 മണിക്ക് ചാപ്പലിൽ വെച്ച് ഹോം ഓഫ് ലൗവിലെ കുട്ടികളുമായി പരിചയപ്പെടുവാനും അവരുടെ കലാപരിപാടികൾ കാണുവാനും അവസരം ലഭിച്ചു.

ചായകുടിക്കുശേഷം വിവിധ സഭകൾ സന്ദർശിക്കുവാനായി പുറപ്പെട്ടു. 5.50 ആയപ്പോഴേക്കും 20 കുടുംബങ്ങളുള്ള 'കൊപ്പുമല' പള്ളിയിൽ എത്തി. അവരോടൊപ്പം അല്പസമയം ചെലവഴിച്ചു.

പിന്നീട് 'സുവാർത്തദൂത്' എന്ന

സുവിഷേഷ പ്രവർത്തനത്തിനായി കാട്ടറ പള്ളിക്ക് അടുത്തുള്ള സാധനപള്ളിയിൽ എത്തി. അപ്പോഴേക്കും ഗ്രാമീണരൊക്കെ പകലത്തെ അധ്വാനത്തിനുശേഷം ഭവ നങ്ങളിൽ എത്തിയിരുന്നു. 1 കിലോമീറ്റർ ദൂരത്തോളം പാട്ടുകളും പാടി വാക്യങ്ങളും വിളിച്ചുപറഞ്ഞ് എല്ലാവരുടേയും ശ്രദ്ധയാ കർഷിച്ചത്. ഏറ്റവും ആളുകൾ കൂടിവന്ന സ്ഥലത്ത് യേശുകർത്താവിലൂടെയുള്ള രക്ഷയെക്കുഓറിച്ച് ഒരു ലഘുപ്രസംഗവും പ്രാർത്ഥനയും നടത്തി അവസാനിപ്പിച്ചു, ആ വേല എത്ര അനുഗ്രഹകരമായിരുന്നു. ആളുകൾ ആടിയും പാടിയും നൃത്തം ചെയ്തും ദൈവസ്നേഹം വർണ്ണിക്കുന്നത് ഏറ്റം സന്തോഷകരമായിരിന്നു. സിസ്റ്റർ സാറാമ്മ കൊച്ചമ്മ അതിനു നേതൃത്വം നൽകി.

8.30 മണിയോടെ കാട്ടറപ്പള്ളി സി.എസ്.ഐ. ചർച്ചിൽ എത്തി. അവി ടുത്തെ ചുമതലയുള്ള സജി അച്ചൻ കൊച്ചമ്മയുടെ ചികിത്സാർത്ഥം വെല്ലൂരിൽ ആയിരുന്നു. കാൻസർ രോഗത്തോട് മല്ല ടിച്ചു കഴിയുന്ന കൊച്ചമ്മയ്ക്ക് നമ്മുടെ എല്ലാവരുടേയും പ്രാർത്ഥന അനിവാര്യ മാണ്. കാട്ടാറപ്പള്ളിയിൽ 36 കുടുംബങ്ങ ളുണ്ട്. ഈ സഭയിൽ 'ലംബാർഡി' വിഭാ ഗത്തിൽപ്പെട്ട ആളുകളും ഉണ്ട്. അവർ നല്ല രീതിയിൽ ഡാൻസ് ചെയ്തും പാട്ടുപാ ടിയും ദൈവത്തെ ആരാധിക്കും. കാട്ടറപ്പ ള്ളിയിൽ ബിഷപ്പ് റ്റി.എസ്. ജോസഫ് മെമ്മോറിയൽ ഹൈസ്കൂൾ ഉണ്ട്. അവിടെ 300 കുട്ടികൾ പഠിക്കുന്നുണ്ട്. അവിടുത്തെ പരിപാടികൾ സാറാമ്മ കൊച്ചമ്മ പരിഭാഷപ്പെടുത്തി. കാട്ടറപ്പള്ളി പാഴ്സനേജിൽ ഞങ്ങൾക്ക് അത്താഴം ഒരു ക്കിയിരുന്നു. അതും കഴിച്ച് 9.45 മണി യോടെ തിരികെ പറക്കാലിൽ എത്തി രാത്രി വിശ്രമിച്ചു.

നവംബർ 5-ാം തീയതി രാവിലെ എഴുന്നേറ്റ് എല്ലാവരും യാത്രയ്ക്കു തയ്യാ റായി. ബഥേലിൽ നിന്നും പ്രഭാത ഭക്ഷ ണവും കഴിച്ച് പിന്നീട് 18 വർഷക്കാലം ആന്ധ്രാമിഷൻ പറക്കാൽ മിഷൻ എന്നി വിടങ്ങളിൽ മിഷനറിയായിരുന്ന ഏറ്റവും ആദരണീയനായ പി.ഒ. നൈനാൻ അച്ചന്റെ മകൾ നിർമ്മലയുടെ ശവകുടീരം കാണാനായി പോയി. അവിടെ നിന്നപ്പോൾ ഞങ്ങൾ അച്ചൻ സഹിച്ച കഷ്ടപ്പാടി നെയും വേദനകളെയും ഓർക്കുകയും അച്ചന്റെ സേവനത്തെ ഓർത്ത് ദൈവ ത്തിനു സ്തോത്രം ചെയ്യുകയും മറ്റു മിഷ നറി വീരന്മാരുടെ ശവകുടീരങ്ങൾ സന്ദർശിക്കുകയും ചെയ്തു.

അവിടെ നിന്നും 9 മണിക്ക് മറ്റു സഭാസന്ദർശനത്തിനായി പുറപ്പെട്ടു. ഗാന്ധിനഗറിലേക്കുപോയ വഴിയിൽ ബഹു മാനപ്പെട്ട വറുഗീസ് മാത്യു അച്ചന് അപ കടം ഉണ്ടായ സ്ഥലം കാണുകയുണ്ടായി. നിരപ്പായ സ്ഥലം. അപകടം ദൈവഹിതം എന്നേ പറയാൻ കഴിയൂ.

5-ാം തീയതിയിലെ യാത്രയെ അവിസ്മരണീയമാക്കിയത് അന്ന് യാത്ര ചെയ്ത വഴികളായിരുന്നു. ആർത്തലച്ചു പെയ്ത തുലാവർഷത്തിന്റെ ബാക്കിപത്ര മായി ഇടയ്ക്കിടെ മുറിഞ്ഞ റോഡുകളും വെള്ളം കയറിയിറങ്ങിയ നെൽപ്പാടങ്ങളും കാണാനിടയായി. അതുപോല പറക്കാൽ മിഷന്റെ ഉടമസ്ഥതയിലുള്ള 10 ഏക്കർ സ്ഥലത്തെ നെൽകൃഷിയും കാണുകയു ണ്ടായി അതുകൊണ്ട് തന്നെ അന്ന് അധി കദൂരം സഞ്ചരിക്കേണ്ടിവന്നു. 10.30ന് 'ജഡൽപേട്ട' പള്ളിയും 11.20ന് 'അന്തു ക്ക്താന' പള്ളിയും കണ്ടു. അവിടെ നിന്നും യാത്ര തിരിച്ചു 12.20ന് 'തേക്കുമ ട്ടല' ക്രൈസ്റ്റ് ചർച്ചിലെത്തി. 'സി.എസ്. ഐ. ക്രൈസ്റ്റ് ചർച്ച്'. നമ്മുടെ സഭ ഭാഗീ കമായി സപ്പോർട്ട് ചെയ്യുന്ന ഒരു സഭയാ ണിത്. പ്രേതബാധയുണ്ടായിരുന്നു എന്ന് അവിടുത്തുകാർ വിശ്വസിച്ചിരുന്ന സ്ഥല മായിരുന്നു അവിടം. തുടർന്ന് 5 സെന്റ് സ്ഥലം ഒരു പൂജാരി സഭയ്ക്കായി ദാനം നല്കി. ഇന്നിവിടെ 18 കുടുംബങ്ങളുള്ള ഒരു സഭ നന്നായി പ്രവർത്തിക്കുന്നു.

തേക്കുമട്ടലയിൽ നിന്നും താമ സംവിന യാത്ര തുടർന്നു. 2 മണിയോടെ 'ദുബ്യാൽ' പള്ളിയിലെത്തി. വളരെ മനോ ഹരമായ ഒരു ചെറിയ ദേവാലയവും മിഷൻ വീടും അവർക്കുണ്ട്. ചെന്നപാടെ എല്ലാവർക്കും ഉച്ച ഊൺ അവർ നല്കി. തുടർന്ന് പള്ളിയിൽ ഞങ്ങളും ആ സഭ

ക്കാരും ചേർന്ന് കുറെ സമയം ചെലവഴിച്ചു. 16 പേർക്കും പൂച്ചെണ്ടു നൽകി സ്വീകരിച്ചു. താളമേളങ്ങളോടെ എല്ലാവരും ചേർന്ന് ദൈവത്തെ മഹത്വപ്പെടുത്തി.

4 മണിയോടെ 'ഗുമഡവല്ലി' യിൽ എത്തി. നമ്മുടെ യൂത്ത്മൂവ്മെന്റ് 7 വർഷങ്ങൾക്ക് മുമ്പ് പണിയിച്ചുനല്കിയ ഒരു ചെറിയ പള്ളിയാണിത്. അവിടെ നിന്ന് പ്രാർത്ഥിക്കുകയും ഫോട്ടോയെടുക്കുകയും ചെയ്തശേഷം അടുത്തകാലത്ത് വിശ്വാസത്തിലേക്കു വന്ന ഒരു ജന്മിയുടേയും കുടുംബത്തിന്റേയും വീട് സന്ദർശിച്ചു. അവർക്ക് അത് വളരെ സന്തോഷമായി. അവിടെ നിന്നും യാത്ര തിരിച്ച് 5 മണിയോടെ 'മുഗലപ്പള്ളി' യിലെത്തി. നമ്മുടെ പ്രിയപ്പെട്ട പി.ഒ.നൈനാൻ അച്ചൻ 16 വർഷക്കാലം പ്രകൃതിശക്തികളോടും ഇഴജന്തുക്കളോടും ഒക്കെ മല്ലടിച്ചു കെട്ടിപ്പടുത്ത സഭയും നിർമ്മല മോളുടെ സ്മാരകമായ 'നിർമ്മല മെമ്മോറിയൽ ഹൈസ്കൂളും ഡിസ്പൻസറിയുമെല്ലാം കണ്ടും അച്ചന്റെ സേവനങ്ങളെ വാതോരാതെ വർണ്ണിക്കുന്നതു കേൾക്കാനിടയായി. അച്ചന്റെയും കുടുംബത്തിന്റേയും സാന്നിധ്യം ഇപ്പോഴും അവിടെ നിറഞ്ഞു നില്കുന്നതായി തോന്നി. 'പ്രതീഷ് ബാബു കുര്യൻ' അച്ചൻ ഇപ്പോൾ അവിടെ സേവനം ചെയ്യുന്നു. അവിടുത്തെ ഡിസ്പൻസറിയിൽ നമ്മുടെ തോമസ് കെ ഉമ്മൻ തിരുമേനിയുടെ മരുമകൻ (ഹോമിയോ ഡോക്ടർ) സേവനം ചെയ്യുന്നു. മകൾ നിർമ്മല ഹൈസ്കൂളിന്റെ ചുമതല വഹിക്കുന്നു. അവർ എല്ലാവർക്കും ചായയും പലഹാരങ്ങളും നല്കി. നാട്ടിൽ നിന്നും ആകർഷങ്ങളായ ജോലി ഉപേക്ഷിച്ച് സുവിശേഷ വേലയ്ക്കായി ഇറങ്ങി പുറപ്പെട്ട വൈക്കംകാരായ 'യംങ് കപ്പിൾസിനേയും' കാണുകയുണ്ടായി. അവിടെ നിന്നും മടങ്ങി 8 മണിയോടെ പറക്കാലിലെത്തി. ഹോം ഓഫ് ലൗവിലെ കുട്ടികളോടുചേർന്ന് ചാപ്പലിൽ വച്ച് പ്രാർത്ഥനയും കഴിഞ്ഞ് അത്താഴവും കഴിച്ച് എല്ലാവരും ഉറങ്ങുവാനായി പോയി.

6-ാം തീയതി ഏറെ നേരത്തെ ഉണർന്ന് എല്ലാവരും റെഡിയായി. ഏറെ ദൂരെയുള്ള പള്ളിയിൽ കാട്ടിലൂടെ യാത്ര ചെയ്ത് പോകണം എന്നൊക്കെ അറിവു കിട്ടിയിരുന്നു. നേരെ പോയത് ഗാന്ധി നഗറിലേക്ക് ആണ്. അവിടെയാണ് ആൺകുട്ടികളുടെ ഹോസ്റ്റൽ. 32 സുന്ദരകുട്ടപ്പന്മാരായ കുട്ടികൾ ഹോസ്റ്റലിൽ ഉണ്ട്. അവർ അവിടുത്തെ സിസ്റ്റർ എഡിത്ത് നീവ് മെമ്മോറിയൽ എച്ച് എസ്സിൽ പഠിക്കുന്നു. അവിടെ നിന്നും ഞങ്ങൾ ബ്രേക്ക് ഫാസ്റ്റും കഴിച്ച് കുട്ടികളുടെ അസംബ്ലിയും അവിടുത്തെ പള്ളിയും പള്ളിയുടെ പരുത്തിതോട്ടവും എല്ലാം കണ്ട് കഴിഞ്ഞഅ സ്കൂൾ ബസ്സിൽ അവിടെ നിന്നും 100 ഓളം കി. മീ. അകലെയുള്ള 'പാമ്പാപുര്' പള്ളിയിലേക്ക് പോയി. കാട്ടിനു നടുവിലൂടയുള്ള യാത്ര വളരെ രസകരമായിരുന്നു. മാവോയിസ്റ്റുകൾ ധാരാളമുള്ള സ്ഥലമാണ് അത് എന്ന് വിജി ഈപ്പൻ അച്ചൻ ഞങ്ങളെ അറിയിച്ചു. വളരെ ഇടുങ്ങിയ വഴികളിലൂടെ ഒക്കെ സ്കൂൾബസ് ഓടിച്ചുകൊണ്ടുപോയത് കണ്ടപ്പോൾ അത്ഭുതം തോന്നി.

അവിടുത്തെ അച്ചനും സഭാജനങ്ങളും ചേർന്ന് ഞങ്ങളെ സ്വീകരിച്ചു. 72 കുടുംബങ്ങൾ ആ സഭയിൽ ഉണ്ട്. 310 അംഗങ്ങളും 62 സൺഡേസ്കൂൾ കുട്ടികളും അവിടെ ഉണ്ട്. നല്ല യൂത്ത് പ്രവർത്തിക്കുന്നു. പള്ളിക്കുള്ളിൽ ഇടയില്ലാത്തവണ്ണം ആളുകൾ നിറഞ്ഞു. എല്ലാവരും ചേർന്ന് ദൈവത്തെ സ്തുതിച്ചു. കുര്യനച്ചൻ അനുഗ്രഹപ്രദമായ ഒരു ദൂത് നല്കി. അവിടുത്തെ സൺഡേസ്കൂളിന് നമ്മുടെ പള്ളിയുടേയും സൺഡേസ്കൂളിന്റെയും ആശംസകളും മധുരപലഹാരവും നല്കി. പ്രർത്ഥനയ്ക്ക് ശേഷം എല്ലാവരും അവിടെ നിന്ന് ഉച്ചഭക്ഷണം കഴിച്ചു. അവരോട് യാത്ര പറഞ്ഞ് ഞങ്ങൾ ഇറങ്ങി.

ഉച്ചഭക്ഷണത്തെപ്പറ്റി ഒരു വാക്ക്: 3 ദിവസങ്ങളിലും 3 വ്യത്യസ്ത പള്ളികളിലും ഉച്ചഭക്ഷണം ഒരേരീതിയിലുള്ളതായിരുന്നു. അവിടുത്തുകാർ വിശിഷ്ടാതിഥികൾക്ക് കൊടുക്കുന്നത് വേവിച്ച്

വെള്ളംവറ്റിച്ച വെള്ള ചോറും നല്ല എരിയുള്ള കോഴിക്കറിയും അച്ചാറും ഒരു സ്പൂൺ തൈരും എരിവുകുറയ്ക്കാൻ കുറുകെ കണ്ടിച്ചുവച്ച നാരങ്ങാ കഷ്ണങ്ങളുമാണ്.

പിന്നീട് പോയത് നമ്മുടെ മഹായിടവക സൺഡേസ്കൂൾ സ്പോൺസർ ചെയ്യുന്ന സഭയായ 'മല്ലനാപ്പള്ളി' ഇമ്മാനുവൽ പള്ളിയിലേക്കാണ്. അവിടെ 15 വീടുകൾ സഭയിലുണ്ട്. വളരെ നല്ല ഒരു മിഷൻ വീടുണ്ട്. ധാരാളം ആവശ്യങ്ങളും പരാധീനതകളും അവർക്കുണ്ട്. തെലുങ്കും മലയാളവും ഇംഗ്ലീഷും അറിയാവുന്ന നമ്മുടെ ഗാന്ധിനഗർ ഹോസ്റ്റലിൽ സിസ്റ്റർമാർ വളർത്തിയ പോളും കുടുംബവും അവിടെ സേവനം ചെയ്യുന്നു. മടക്കയാത്രയിൽ 48 വർഷമായി പറക്കാലിൽ പ്രവർത്തിച്ച് അവിടുത്തെ ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിച്ച് അവിടെ വിശ്രമജീവിതം നയിക്കുന്ന തോമസ് സാറിന്റെ ഭവനം സന്ദർശിച്ചു. സാറും ടീച്ചറും ചായയും പലഹാരങ്ങളും നല്കി ഞങ്ങളെ സ്വീകരിച്ചു. സാറിന്റെ അനുഭവങ്ങൾ ഞങ്ങളോട് പങ്കുവച്ചു. 6 മണിയോട് ഞങ്ങളുടെ താമസസ്ഥലത്ത് തിരികയെത്തി 8 മണി വരെ ഷോപ്പിംഗിന് പോകാൻ അച്ചൻ അനുവാദം നല്കി. കുറച്ചു പേർ പറക്കാൽ എന്ന ചെറുപട്ടണത്തിൽ ചെറിയ ഷോപ്പുംഗ് നടത്തി. ചിലർ പറക്കാലിലെ 'മട്ടൺ ബിരിയാണി' പരീക്ഷിച്ച് തൃപ്തിയടഞ്ഞു.

8 മണിക്ക് 'ബഡാ ക്കാനാ' അത്താഴം കഴിച്ചു. അതിനുശേഷം ഞങ്ങളും മിഷൻ വയലിലെ അച്ചന്മാരും സിസ്റ്റേഴ്സും സ്വമേധാ പ്രവർത്തകരും ചേർന്ന് ചാപ്പലിൽ വെച്ച് ഞങ്ങളുടെ സന്ദർശനത്തെക്കുറിച്ചുള്ള ഒരു അവലോകനം വിജി അച്ചന്റെ നേതൃത്വത്തിൽ നടത്തി. ഓരോരുത്തരും അവരവരുടെ അനുബവങ്ങളും ന്യൂനതകളും പറഞ്ഞു. വിജിയച്ചൻ പ്രധാനമായതെല്ലാം രേഖപ്പെടുത്തി. 10 മണിക്ക് പ്രർത്ഥനയോടെ യോഗം അവസാനിച്ചു.

7-ാം തീയതി വ്യാഴാഴ്ച രാവിലെ ചാപ്പലിൽ ഹോളി കമ്മ്യൂണിയൻ സർവ്വീസ് നടത്തപ്പെട്ടു. പിന്നീട് ബ്രക്ക് ഫാസ്റ്റ് കഴിച്ചു. 10 മണിയോടെ എല്ലാവരും മടക്കയാത്രയ്ക്കു തയ്യാറായി ലഗേജുകളുമായി നില്പായി. 10.30 മണിയോടെ സ്കൂൾ ബസ്സിൽ വാറംഗലിലേക്ക് യാത്രതിരിച്ചു. മടക്കയാത്രയിൽ പ്രതീഷ്ബാബു അച്ചനും മുഗലപ്പള്ളിയൽ സ്വമേധപ്രവർത്തകനായ കൊച്ചുകോശിയും ഞങ്ങളോടോപ്പമുണ്ടായിരുന്നു. യാത്രകളിലൊക്കെയും ഡ്രൈവ് ചെയ്തും തമാശകൾ പറഞ്ഞും കൊച്ചുകോശി ഞങ്ങളെ രസിപ്പിച്ചിരുന്നു. യാത്ര പുറപ്പെടും മുമ്പെ തന്നെ സിസ്റ്റേഴ്സ് ഞങ്ങൾക്ക് ആവശ്യമായ ഉച്ചഭക്ഷണം പാഴ്സലാക്കി ഞങ്ങളെ ഏല്പിച്ചിരുന്നു.

1.40 ന് കൊർബ-തിരുവനന്തപുരം എക്സ്പ്രസിൽ ഞങ്ങൾ മടക്കയാത്ര ആരംഭിച്ചു. ട്രയിൻ യാത്രയിലുടനീളം അവിസ്മരണീയമായ ഒരു യാത്രയുടെ അനുഭവങ്ങളും രസമുഹൂർത്തങ്ങളും മിഷനറിമാരുടെ ത്യാഗത്തിന്റെ ഫലങ്ങളും പങ്കുവെച്ചും ഏതോ നഷ്ടബോധത്തോടെ എന്നാൽ തികഞ്ഞ സംതൃപ്തിയോടെ 8.11.13 വെള്ളിയാഴ്ച 3.15 ന് തിരുവല്ല റെയിൽവ്വേ സ്റ്റേഷനിൽ എത്തിച്ചേർന്ന് 4 മണിയോടെ ഭവനങ്ങളിലുമെത്തി.

ഞങ്ങളുടെ ഓരോ ദിവസത്തെ പരിപാടികളും അതാത് രാത്രിയിൽ തന്നെ 'ഫെയ്സ്ബുക്കിൽ' കൊടുത്ത് ലോകമങ്ങും എത്തിച്ച വിജി ഈപ്പൻ വറുഗീസ് അച്ചനോടും അച്ചനെ സഹായിച്ച കൊച്ചമ്മയോടും പ്രതീഷ് ബാബു കുര്യൻ അച്ചനോടും സാറാമ്മ കൊച്ചമ്മയോടും ജസീന സിസ്റ്ററോടും പലവിധത്തിൽ ഞങ്ങളെ സഹായിച്ച എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

യാത്രയിലുടനീളം എല്ലാവരേയും ക്ഷേമത്തോടെ കാത്ത ദൈവത്തിനു സ്തോത്രം ചെയ്യുന്നു. ഞങ്ങളുടെ ആഗ്രഹത്തെ സഫലമാക്കിത്തന്ന കുര്യനച്ചാ 'ഗൗരവനീയുലൈന അയ്യഗാരു, മീക്കു വന്ദനാലു" (ബഹുമാനപ്പെട്ട അച്ചാ അങ്ങേക്കു നന്ദി).



## ആന്ധ്രാ – പറക്കാൽ
## മിഷൻ ദൃശ്യങ്ങൾ









# ദശാംശസ്തോത്ര സമർപ്പണം

## ഒക്ടോബർ - നവംബർ

| | പേര് | തുക |
|---|---|---|
| 1. | അച്ചാമ്മ തോമസ്, പാമല പുത്തൻവീട്ടിൽ | 600 |
| 2. | പി.സി. കുരൻ, " | 350 |
| 3. | പി.സി. അലക്സാണ്ടർ " | 600 |
| 4. | സ്വാമി ദാസ്, പൂമാത്തിവിളെ പുത്തൻവീട് | 1000 |
| 5. | എം.കെ.ചാക്കോ, മരുതൂത്തറ | 300 |
| 6. | ജോൺ ചാക്കോ, കച്ചിറ | 1500 |
| 7. | ജോൺ സി. ജേക്കബ് " | 1000 |
| 8. | അന്നമ്മ കുരുവിള, തൈപ്പറമ്പിൽ | 400 |
| 9. | എ.വി. വറുഗീസ്, അടാട്ട് | 200 |
| 10. | വറൂഗീസ് റ്റി കുരുവിള, തൈപ്പറമ്പിൽ | 1000 |
| 11. | കെ.ജെ. വറുഗീസ്, കോട്ടയ്ക്കാപ്പറമ്പിൽ | 400 |
| 12. | മാത്യു തോമസ്, ചേച്ചാകുന്നിൽ | 400 |
| 13. | സാബു ജോൺ ഏബ്രഹാം, ചേച്ചാകുന്നിൽ | 600 |
| 14. | ബാബു ജോർജ്ജ് ഏബ്രഹാം " | 800 |
| 15. | പി.വി. ഇട്ടി, മണ്ണിൽ മലയിൽ | 50 |
| 16. | ജോൺസൺ റ്റി.പി., തെക്കേക്കര | 250 |
| 17. | പി.ജി. വറുഗീസ്കുട്ടി, മണ്ണിൽപീസ് ലാൻഡ് | 200 |
| 18. | ശോശാമ്മ ചെറിയാൻ, മുണ്ടയ്ക്കൽ മലയിൽ | 100 |
| 19. | ബിജു ഹാനോക്ക്, പടിഞ്ഞാറേക്കൂറ്റ് | 1000 |
| 20. | ഉഷ വറുഗീസ്, " | 600 |
| 21. | ആഷിഷ് വറുഗീസ്, " | 1000 |
| 22. | പി.വി. തങ്കച്ചൻ, " | 1000 |
| 23. | ഏബ്രഹാം ഏബ്രഹാം, ഇലഞ്ഞിമൂട്ടിൽ | 1300 |
| 24. | ചെറിയാൻ യോഹന്നാൻ, " | 100 |
| 25. | വറുഗീസ് വറുഗീസ്, പാറയിൽ പറമ്പത്ത് | 500 |
| 26. | മറിയാമ്മ വറുഗീസ്, പാലയ്ക്കൽ | 200 |
| 27. | റവ. എം.ഒ. ജേക്കബ്, ഈട്ടിയ്ക്കൽ | 400 |
| 28. | അച്ചാമ്മ പൗലോസ്, താഴികമലയിൽ | 750 |
| 29. | ചിന്നമ്മ ഏബ്രഹാം, കാലാപ്പറമ്പിൽ | 300 |

| | | |
|---|---|---|
| 30. | മാത്യു ചെറിയാൻ, തുണ്ടിയിൽ വടക്കേതിൽ | 600 |
| 31. | കെ.കെ. ജോർജ്ജ്, കൊച്ചുതുണ്ടിയിൽ | 300 |
| 32. | ഗീവറുഗീസ് മാത്യു, പാണംകുളത്ത് | 450 |
| 33. | കെ.എ. ജോൺ, കാലാപ്പറമ്പിൽ | 200 |
| 34. | വർക്കി കുരുവിള, തൈപ്പറമ്പിൽ | 200 |
| 35. | ചാണ്ടി സി. തോമസ്, തൊട്ടിപ്പാറയ്ക്കൽ | 350 |
| 36. | ജേക്കബ് റ്റി. ജോർജ്ജ്, തുണ്ടിയിൽ | 600 |
| 37. | റ്റി.ബി. കുര്യൻ, " | 300 |
| 38. | സുനോജ് കുര്യൻ, " | 1000 |
| 39. | റ്റി.ബി. ജോർജ്ജ്, " | 200 |
| 40. | ഷാജി ജോർജ്ജ്, മുല്ലപ്പള്ളിൽ | 1000 |
| 41. | വർക്കി ജോർജ്ജ്, അമ്പാട്ടുകുന്നേൽ | 200 |
| 42. | ഏലിയാമ്മ ഈശോ, ഇലവിനാകുഴിയിൽ | 400 |
| 43. | ഏലിയാമ്മ തോമസ്, മലയ്ക്കൽ | 80 |
| 44. | എം.റ്റി. വർക്കി, വടക്കേമുണ്ടയ്ക്കൽ | 1500 |
| 45. | സാം സി. കുരുവിള, ഇലവുങ്കൽ മേലേക്കുറ്റ് | 400 |
| 46. | കോരുള ജോൺ, ഇലവുങ്കൽ | 100 |
| 47. | ഇ.ജി. ജോൺ, " | 1000 |
| 48. | ജോൺ വറുഗീസ്, പൗവ്വത്തിലാത്ത് | 600 |
| 49. | ജോർജ്ജ് പി. ജോൺ, " | 400 |
| 50. | എം.എം. മാത്യു, മൈലയ്ക്കൽ | 2000 |
| 51. | മറിയാമ്മ യോഹന്നാൻ, പൊരിവാട്ടായിൽ | 1000 |
| 52. | കുരുവിള മാത്യു, മുണ്ടയ്ക്കമണ്ണിൽ | 200 |
| 53. | റോയി വറുഗീസ്, വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ | 700 |
| 54. | സാബു തോമസ്, " | 100 |
| 55. | ജോസഫ് തോമസ്, " | 550 |
| 56. | തോമസ് ജോർജ്ജ്, വടക്കേമുണ്ടയ്ക്കൽ | 500 |
| 57. | പി.എം. സൂസന്ന, എബനേസർവില്ല | 400 |
| 58. | വറുഗീസ് ജോൺ, കോടംപള്ളിൽ | 450 |
| 59. | അന്നമ്മ കുരുവിള, തൊട്ടിപ്പാറയ്ക്കൽ | 1000 |
| 60. | ബെൻസി കെ. തോമസ്, " | 450 |
| 61. | പി.എം. മാത്തുക്കുട്ടി, പണിക്കന്റേത്ത് തൊട്ടിപ്പാറയ്ക്കൽ | 1000 |
| 62. | എം.സി. ഏബ്രഹാം, മൈലയ്ക്കൽ | 200 |
| 63. | മേരി ചാണ്ടി, മൈലയ്ക്കൽ പുത്തൻപറമ്പിൽ | 500 |

| | | |
|---|---|---|
| 64. | എം.എം. ഏബ്രഹാം, മൈലയ്ക്കൽ | 2000 |
| 65. | ഇ.റ്റി. മത്തായി, ഇലവിനാക്കുഴിയിൽ | 600 |
| 66. | ഇ.സി. മാത്യു, ” | 400 |
| 67. | തോമസ് കെ. വർക്കി, കൊച്ചുതുണ്ടിയിൽ റിജുഭവൻ | 600 |
| 68. | ഇ.വി. ചാണ്ടി, ഇലവിനാക്കുഴിയിൽ | 200 |
| 69. | സി. ചാണ്ടി, തൊട്ടിപ്പാറയ്ക്കൽ | 600 |
| 70. | റവ. ഡോ. കെ.ടി. കുര്യൻ, പാഴ്സണേജ് | 500 |
| 71. | വൽസമ്മ കുര്യൻ, ” | 2000 |
| 72. | അന്നമ്മ ചെറിയാൻ, മുണ്ടയ്ക്കമലയിൽ | 1500 |
| 73. | എം.വി. കോശി, ” | 200 |
| 74. | യോഹന്നാൻ കുര്യൻ, കാഞ്ഞിരത്തുങ്കൽ | 200 |
| 75. | കെ.വി. ഈപ്പൻ, പാറയിൽ പീസ് കോട്ടേജ് | 1000 |
| 76. | ടോം ജോൺസൺ, പാറയിൽ വള്ളോംകുന്നിൽ | 300 |
| 77. | ഏബ്രഹാം ജോസഫ്, തൈപ്പറമ്പിൽ സജി സദൻ | 400 |
| 78. | ഏബ്രഹാം വറുഗീസ്, മഠത്തിൽ | 400 |
| 79. | കെ.കെ. ഏബ്രഹാം, കുളങ്ങര രഹബോത്ത് | 200 |
| 80. | സജി എബ്രഹാം, ” | 4000 |
| 81. | റ്റി.സി. മാത്യു, തൊട്ടിപ്പാറയ്ക്കൽ | 650 |
| 82. | ജോർജ്ജ് ചെറിയാൻ, താഴികയിൽ പുത്തൻവീട് | 200 |
| 83. | ചാണ്ടി അലക്സാണ്ടർ, ആഞ്ഞിലിമൂട്ടിൽ | 450 |
| 84. | വി.എ. മാത്യു, വെള്ളൂച്ചേരിൽ | 400 |
| 85. | ഡോ. വി.ജെ. വറുഗീസ്, പാറയിൽ | 200 |
| 86. | ഏബ്രഹാം സി ജോർജ്ജ്, ചേച്ചാകുന്നിൽ | 500 |
| 87. | മറിയാമ്മ വറുഗീസ്, മുണ്ടയ്ക്കൽ | 200 |
| 88. | ജോർജ്ജ് കെ. വർക്കി, കാലാപ്പറമ്പിൽ | 200 |
| 89. | അച്ചാമ്മ കുര്യൻ, കൊച്ചുതുണ്ടിയിൽ | 150 |
| 90. | കെ.ടി. വർക്കി, ” | 100 |
| 91. | റെബേക്കാ ജോൺ, തൈപ്പറമ്പിൽ | 600 |
| 92. | സഖറിയാ ജോൺ, തുണ്ടിയിൽ | 600 |
| 93. | ജോജോ സഖറിയാ, ” | 600 |
| 94. | അന്നമ്മ വറുഗീസ്, ജിമ്മിവില്ല | 500 |
| 95. | അന്നമ്മ വർക്കി, കൊച്ചുതുണ്ടിയിൽ | 200 |
| 96. | സാജൻ പോൾ, സി.ഡി.സദനം | 1000 |
| 97. | അന്നമ്മ ജേക്കബ്, നെല്ലിമൂട്ടിൽ | 700 |

| | | |
|---|---|---|
| 98. | കെ. ഷൺമുഖം, " | 150 |
| 99. | കെ.ജി.മാത്തുക്കുട്ടി, കാരിമൂട്ടിൽ | 1200 |
| 100. | ലീലാമ്മ ഏബ്രഹാം, " | 400 |
| 101. | ആലീസ് ജോസഫ്, നെല്ലിമൂട്ടിൽ | 400 |
| 102. | അന്നമ്മ ജോർജ്ജ്, നെല്ലിമൂട്ടിൽ | 2000 |
| 103. | ശാന്തമ്മ ഏബ്രഹാം, " | 200 |
| 104. | ജൂലി ഷിബു, " | 1200 |
| 105. | കെ.വി.ജോൺ, കൊച്ചുതുണ്ടിയിൽ ജോയിഭവൻ | 500 |
| 106. | വറുഗീസ് ജേക്കബ്, തൈപ്പറമ്പിൽ | 270 |
| 107. | കെ.വി. വറുഗീസ്, കൊച്ചുപുരയ്ക്കൽ | 400 |
| 108. | കെ.കെ. ചെറിയാൻ, " | 2000 |
| 109. | വിനു കെ. ചെറിയാൻ, " | 1000 |
| 110. | ചിന്നമ്മ ജോൺ, കൊച്ചുമണ്ണിൽ | 1000 |
| 111. | റ്റി. വറുഗീസ് | 400 |
| 112. | ഏലിയാമ്മ കൊച്ചിട്ടി, മണ്ണിൽ | 300 |
| 113. | ഈപ്പൻ കെ. ചെറിയാൻ, കട്ടത്തറ | 1000 |
| 114. | ജോൺ കുര്യൻ, ആഞ്ഞിലിമൂട്ടിൽ | 400 |
| 115. | ഇ.വി. ചെറിയാൻ, ഈട്ടിയ്ക്കൽ | 200 |
| 116. | ഇ.വി. ജോർജ്ജ്, " | 300 |
| 117. | ഇ.വി. ഏബ്രഹാം. " | 200 |
| 118. | പി.റ്റി. തോമസ്, പാറയിൽ അക്കരപ്പറമ്പിൽ | 100 |
| 119. | വി.എ.ജോൺ, ആഞ്ഞിലിമൂട്ടിൽ | 300 |
| 120. | എ.ഏബ്രഹാം, " | 200 |
| 121. | ജോർജ് വറുഗീസ്, തറികുന്നിൽ | 300 |
| 122. | ഡോ. മാത്യു ജോൺ, വല്യേട്ട് | 3000 |
| 123. | ജേക്കബ് കുര്യൻ, ആഞ്ഞിലിമൂട്ടിൽ | 700 |
| 124. | മേരി രാജു, " | 200 |
| 125. | സാബു ജേക്കബ്, താഴികയിൽ | 1000 |
| 126. | ഇ.റ്റി. തോമസ്, ഇലമുങ്കൽ മലയിൽ | 1000 |
| 127. | ഇ.റ്റി. കോരുള, " | 1550 |
| 128. | അന്നമ്മ വറുഗീസ്, തറികുന്നിൽ | 400 |
| 129. | റ്റി.വി. വറുഗീസ്, " | 200 |
| 130. | റ്റി.കെ. വറുഗീസ്, " | 200 |
| 131. | അന്നമ്മ മാത്യു, ചക്കാലയിൽ | 400 |

| | | |
|---|---|---|
| 132. | കെ.കെ. കുരുവിള, കുളങ്ങര സജൻവില്ല | 1000 |
| 133. | ജിജി ജേക്കബ്, കരിപ്പക്കുഴിയിൽ | 300 |
| 134. | വി.എ. അലക്സാണ്ടർ, " | 200 |
| 135. | മറിയാമ്മ ചാക്കോ, ചാത്തനാട്ട് | 200 |
| 136. | വറുഗീസ് ജോർജ്ജ്, അമ്പാട്ടുകുന്നേൽ | 150 |
| 137. | എം.ഒ. മാത്തുക്കുട്ടി, ഈട്ടിയ്ക്കൽ | 1100 |
| 138. | എം.ഒ. ഫിലിപ്പ്, " | 100 |
| 139. | എം.ഒ. ഉമ്മൻ, " | 1500 |
| 140. | തോമസ്കുട്ടി എ.കെ, ആഞ്ഞിലിമൂട്ടിൽ | 200 |
| 141. | പി.കെ. കോശി, ഒറ്റപ്ലാമൂട്ടിൽ | 500 |
| 142. | ഏലിയാമ്മ ചെറിയാൻ നടുപ്പറമ്പിൽ | 29 |
| 143. | റ്റി.റ്റി. കുര്യൻ, തുരുത്തുമല | 40 |
| 144. | റ്റി.റ്റി. പോത്തൻ, " | 300 |
| 145. | ജോർജ്ജ് ഏബ്രഹാം, തെക്കേക്കുറ്റു തകടിയിൽ | 1000 |
| 146. | ജോൺ യോഹന്നാൻ, തുരുത്തുമല തകിയിൽ | 50 |
| 147. | മാത്യു യോഹന്നാൻ, " | 50 |
| 148. | കോശി യോഹന്നാൻ, " | 300 |
| 149. | എം.പി. പുന്നൂസ്, മംഗലത്ത് | 50 |
| 150. | ഷാജി പുന്നൂസ്, " | 200 |
| 151. | എം.പി. ഫിലിപ്പ്, " | 50 |
| 152. | അച്ചാമ്മ ഏബ്രഹാം, തുരുത്തുമല | 800 |
| 153. | റേച്ചൽ വറുഗീസ്, മുണ്ടയ്ക്കൽ മലയിൽ | 200 |
| 154. | റ്റി.സി. മാത്യു, തൈപ്പറമ്പിൽ | 200 |
| 155. | ലീലാമ്മ തോമസ്, മുണ്ടയ്ക്കൽ | 400 |
| 156. | വി.എം. സഖറിയ, വടശ്ശേരിൽ | 400 |
| 157. | ജിജി എം. സഖറിയാ, " | 1000 |
| 158. | മോനച്ചൻ കുഞ്ഞ്കുഞ്ഞ്, | 300 |

# പിറന്നാൾ സ്തോത്രം
## ജനുവരി - ഫെബ്രുവരി

***On your Birthday we wish you all many many happy returns of the day.***

**ജനുവരി**

| | | | |
|---|---|---|---|
| 1. | ഏബൻ ജോൺ ഏബ്രഹാം | - | കാലാപ്പറമ്പിൽ |
| | ജെമി ആൻ ജോർജ്ജ് | - | കാരിമൂട്ടിൽ |
| 2. | ഏബൻ ചാൾസ് ജേക്കബ് | - | താഴികമലയിൽ |
| | നീൽ ബിനോ ജോർജജ് | - | തോട്ടത്തിൽ |
| 3. | സൂസൻ വർഗ്ഗീസ് | - | മുണ്ടയ്ക്കൽ മലയിൽ |
| | ചാണ്ടി അലക്സാണ്ടർ | - | ആഞ്ഞിലിമൂട്ടിൽ രാജ് ഭവൻ |
| 5. | ജീൻ ജേക്കബ് | - | താഴികയിൽ |
| | ക്രിസ്റ്റിൻ മേരി ജേക്കബ് | - | ഒറ്റപ്ലാമൂട്ടിൽ |
| 6. | കെവിൻ ഷിബു ചാണ്ടി | - | ഇലവിനാക്കുഴിയിൽ |
| 7. | അന്നമ്മ മാത്യു | - | പണിക്കന്റേത്ത് തൊട്ടിപ്പാറയ്ക്കൽ |
| | നിബു കുര്യൻ | - | ആഞ്ഞിലിമൂട്ടിൽ |
| 8. | ഷിറിൻ ഉമ്മൻ മാത്യു | - | ഈട്ടിക്കൽ |
| | അനൂപ് സി. നൈനാൻ | - | ചേച്ചാകുന്നിൽ |
| | ശോശാക്കുട്ടി | - | തുണ്ടിയിൽ (മുംബൈ) |
| | ലാലച്ചൻ ജേക്കബ് | - | മുണ്ടയ്ക്കൽ |
| | കാരൻ മറിയം റെൻസൺ | - | ഒറ്റപ്ലാമൂട്ടിൽ |
| | അനുഷ്ക ജേക്കബ് | - | താഴികയിൽ |
| 9. | രാജീവ് മോൻസി വർക്കി | - | ഈട്ടിക്കൽ |
| | മേരി ഏബ്രഹാം | - | കാലാപ്പറമ്പിൽ |
| | | | |
| | സഖറിയാ ജോൺ | - | തുണ്ടിയിൽ |
| 10. | എം.റ്റി. വർക്കി | - | വടക്കേമുണ്ടയ്ക്കൽ |
| | ഉമ്മൻ മാത്തുക്കുട്ടി | - | ഈട്ടിക്കൽ |
| | ഏബ്രഹാം ബിജോ മാത്യു | - | തുണ്ടിയിൽ (മുംബൈ) |
| 11. | മെർലി മേരി ജേക്കബ് | - | ഈട്ടിക്കൽ |
| 12. | കോരുള ചെറിയാൻ | - | ഇലവുങ്കൽ |
| 13. | ബിജു മാത്യു അലക്സാണ്ടർ | - | പാമല പുത്തൻവീട്ടിൽ |
| | എലിസബേത്ത് മാത്യു | - | വല്ലേട്ട് |
| | എം.ഒ. ഫിലിപ്പ് | - | ഈട്ടിക്കൽ |
| | നോവ സണ്ണി ജോർജ്ജ് | - | കാലാപ്പറമ്പിൽ |

| | | | |
|---|---|---|---|
| | നോറാ സൂസൻ ജോർജ്ജ് | - | കാലാപറമ്പിൽ |
| 15. | ഡോൺ ചാൾസ് മാമ്മൻ | - | താഴികമലയിൽ |
| 16. | ജോബി കോശി വർഗ്ഗീസ് | - | പാലയ്ക്കൽ |
| 17. | ആനി വർഗ്ഗീസ് | - | മുണ്ടയ്ക്കൽ തെക്കേതിൽ |
| | രെൻജു മാത്യു തോമസ് | - | പാറയിൽ ആഞ്ഞിലിമൂട്ടിൽ |
| | അഞ്ചു അലക്സ് | - | പാമല പുത്തൻവീട്ടിൽ |
| | മഞ്ചു അലക്സ് | - | പാമല പുത്തൻവീട്ടിൽ |
| 18. | ഡെന്നിസ് ചെറിയാൻ ജോർജ്ജ് | - | താഴികയിൽ പുത്തൻവീട് |
| | നമിത ഹന്ന ജോൺ | - | മുണ്ടയ്ക്കൽ മലയിൽ |
| 19. | വർഗ്ഗീസ് | - | തറികുന്നിൽ |
| | മറിയാമ്മ ബിജി പോത്തൻ | - | തുരുത്തുമല |
| 20. | സ്മിത ജോർജ്ജ് | - | കാരിമൂട്ടിൽ |
| | മേരി രാജു | - | ആഞ്ഞിലിമൂട്ടിൽ |
| | ലിയ എലിസബത്ത് കുഞ്ഞുമോൻ | - | വാണിയപുരയ്ക്കൽ ഇലഞ്ഞിമൂട്ടിൽ |
| 21. | ഏലിയാമ്മ ചെറിയാൻ | - | നടുപ്പറമ്പിൽ |
| | നിമ്മി എലിസബത്ത് തോമസ് | - | താഴിക മലയിൽ |
| 22. | നീതു നൈനാൻ | - | തറികുന്നിൽ |
| 23. | അനൂപ് കെ. മാത്യു | - | കൊച്ചുപുരയ്ക്കൽ |
| | സഞ്ചു മാത്യു ജോൺ | - | ചക്കാലയിൽ സഞ്ചുവില്ല |
| 24. | ബിജി ഉമ്മൻ ജേക്കബ് | - | ഈട്ടിക്കൽ |
| | രാജു എം. വർക്കി | - | ഈട്ടിക്കൽ |
| 25. | ജോസ്മി റോസ് തോമസ് | - | വടക്കേ മുണ്ടയ്ക്കൽ |
| | ജയിൻ സാറാ ജോർജ്ജ് | - | കാരിമൂട്ടിൽ |
| 26. | വർക്കി ചെറിയാൻ (രാജു) | - | ഈട്ടിക്കൽ |
| | ബെട്ടീന സാറാ ജോർജ്ജ് | - | കൊച്ചുതുണ്ടിയിൽ |
| 27. | കുരുവിള തോമസ് | - | ഇലവുങ്കൽ മലയിൽ |
| | ഷേബ ഏലിയാമ്മ ജോർജ്ജ് | - | മുല്ലപ്പള്ളിൽ |
| | അന്നമ്മ അലക്സാണ്ടർ | - | ആഞ്ഞിലിമൂട്ടിൽ രാജ് ഭവൻ |
| 28. | വർക്കി ഏബ്രഹാം | - | ഈട്ടിക്കൽ |
| 29. | ബാബു ജോർജ്ജ് | - | ചേച്ചാകുന്ന് മലയിൽ |
| 30. | സാബു ജോൺ | - | ചേച്ചാകുന്ന് മലയിൽ |
| | തോമസ് പി. ജേക്കബ് | - | താഴികമലയിൽ |
| | മോളി ചെറിയാൻ | - | ഈട്ടിക്കൽ |
| | റോവാൻ മാത്യു റോബിൻ | - | ഇലവിനാക്കുഴിയിൽ |
| 31. | വർഗ്ഗീസ് തോമസ് | - | പാറയിൽ ആഞ്ഞിലിമൂട്ടിൽ |
| | ജേക്കബ് വർഗ്ഗീസ് | - | താഴികയിൽ |
| | അനു സാം | - | തൈപ്പറമ്പിൽ |
| | നീനു ആൻ തോമസ് | - | താഴികമലയിൽ |
| | ജോഹൻ ജേക്കബ് അബിൻ | - | ആഞ്ഞിലിമൂട്ടിൽ |

**ഫെബ്രുവരി**

| | | | |
|---|---|---|---|
| 1 | ആൻസി കുരുവിള | - | തൊട്ടിപ്പാറയ്ക്കൽ |
| | ഷോൺ സജു വർഗ്ഗീസ് | - | മഠത്തിൽ |
| | ആഷ മേരി വർഗ്ഗീസ് | - | തുരുത്തുമല തകിടിയിൽ |
| | ഷൺമുഖം കെ. | - | നെല്ലിമൂട്ടിൽ |
| 3. | റിൻസി എലിസബത്ത് ജേക്കബ് | - | താഴികമലയിൽ |
| | അബിൻ അനിൽ വർഗ്ഗീസ് | - | പാറയിൽ പറമ്പത്ത് |
| | ലീന വിജു | - | കാലാപ്പറമ്പിൽ |
| | സിനു സൂസൻ തോമസ് | - | വടക്കേ മുണ്ടയ്ക്കൽ തെക്കേതിൽ |
| 4. | ഷെബി എലിസബത്ത് ഷിബിൻ | - | കൊച്ചുമണ്ണിൽ |
| | കോശി വർഗ്ഗീസ് | - | വടക്കേ മുണ്ടയ്ക്കൽ |
| 5. | കോശി | - | തുരുത്തുമല തകിടിയിൽ |
| | ഓസ്റ്റിൻ സ്റ്റീഫൻ വിനിൽ | - | പുന്നംചേരിൽ (എറണാകുളം) |
| | ലിസി കോശി | - | നടുപ്പറമ്പിൽ |
| | ബ്രിയാൻ ഫിലിപ്പ് ഹാനോക്ക് | - | പടിഞ്ഞാറെക്കുറ്റ് |
| 6. | റവ. സുനിൽ കെ. ചാണ്ടി | - | കുളങ്ങര |
| 7. | ജോസഫ് തോമസ് | - | വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ |
| | ശോശാമ്മ മത്തായി | - | ഇലവിനാക്കുഴിയിൽ |
| | പ്രിൻസി അനീഷ് മാത്യു | - | തൊട്ടിപ്പാറയ്ക്കൽ |
| 8. | മിഥുൻ ജേക്കബ് ഏബ്രഹാം | - | താഴികയിൽ |
| | ജോഹൻ മുണ്ടയ്ക്കൽ | - | മുണ്ടയ്ക്കൽ |
| 9. | കുര്യൻ | - | ആഞ്ഞിലിമൂട്ടിൽ കിഴക്കേതിൽ |
| | വിനു ചെറിയാൻ | - | കൊച്ചുപുരയ്ക്കൽ |
| | മറിയാമ്മ സുനിൽ | - | പാറടിയിൽ |
| | റ്റിസ് മാത്യു രാജു | - | മുണ്ടയ്ക്കമണ്ണിൽ |
| | സ്റ്റെവിൻ ബിനു | - | ആഞ്ഞിലിമൂട്ടിൽ |
| 10. | ഉഷാ വർഗ്ഗീസ് | - | പടിഞ്ഞാറെക്കൂറ്റ് |
| | ജയ സാറാ ഏബ്രഹാം | - | ചേച്ചാകുന്നിൽ |
| | ഗ്രേസി തോമസ് | - | ഒറ്റപ്ലാമൂട്ടിൽ |
| | തേജസ് സാമുവേൽ ജോഷ്വാ | - | കാവുമണ്ണിൽ |
| 11. | ആലീസ് മാത്യു | - | പാറയിൽ ആഞ്ഞിലിമൂട്ടിൽ |
| | ജെമീമ മോളി ഷാജി | - | മുല്ലപ്പള്ളിൽ |
| 12. | മോളി ജോർജ്ജ് | - | തുണ്ടിയിൽ |
| | യോഹന്നാൻ ജോൺ | - | തുരുത്തമല തകിടിയിൽ |
| | കുര്യൻ ജോർജ്ജ് | - | കൊച്ചുതുണ്ടിയിൽ |
| | സിനു അനു സാബു | - | ഒറ്റപ്ലാമൂട്ടിൽ |
| | ജുബി ജി. തോമസ് | - | ചേച്ചാകുന്നിൽ |

| | | | |
|---|---|---|---|
| 13. | ഷേർലി വർഗ്ഗീസ് | - | താഴികയിൽ |
| | ഡസീലാ സുനോജ് | - | തുണ്ടിയിൽ |
| | നേഥൻ തോമസ് ഏബ്രഹാം | - | മൈലയ്ക്കൽ തോട്ടത്തിൽ |
| | ജോയിസ് പി. നിബു | - | ആഞ്ഞിലിമൂട്ടിൽ |
| | അന്നമ്മ ഉമ്മൻ | - | ഈട്ടിക്കൽ |
| 14. | റോബി വർക്കി ജോസ് | - | പടിഞ്ഞാറെക്കൂറ്റ് |
| | ബ്യൂളമേരി ഏബ്രഹാം | - | മൈലയ്ക്കൽ |
| | രേണു എൽസാ വർക്കി | - | തൈപ്പറമ്പിൽ |
| | ദിയ ആൻ ജോൺ | - | ആഞ്ഞിലിമൂട്ടിൽ |
| 16. | മാത്യു വർഗ്ഗീസ് | - | വടക്കേ മുണ്ടയ്ക്കൽ തെക്കേതിൽ |
| | ജോൺസൺ ഫിലിപ്പ് | - | തൈപ്പറമ്പിൽ |
| | ജോൺ, ഏബ്രഹാം | - | കാലാപ്പറമ്പിൽ |
| 17. | വിനി മാത്യു | - | തുണ്ടിയിൽ വടക്കേതിൽ |
| | എലിസബത്ത് എ. മാത്യു | - | മൈലയ്ക്കൽ |
| 18. | വർഗ്ഗീസ് ഈപ്പൻ | - | പീസ് കോട്ടേജ് |
| | രൂത്ത് മോളി ബഞ്ചമിൻ | - | തുണ്ടിയിൽ |
| | രൂബേൻ ജോർജ്ജ് ബഞ്ചമിൻ | - | തുണ്ടിയിൽ |
| | ക്രിസ്റ്റി സഖറിയാ ജോ | - | തുണ്ടിയിൽ |
| 20. | സുബി ജേക്കബ് | - | തൈപ്പറമ്പിൽ മംഗലമന്ദിരം |
| 22. | സജി പുന്നൂസ് | - | മംഗലത്ത് |
| | സുനിൽ ജോൺ ജോയി | - | തറിക്കുന്നിൽ |
| | ബീന അനിൽ വർഗ്ഗീസ് | - | പാറയിൽ പറമ്പത്ത് |
| | മറിയാമ്മ ചാക്കോ | - | ചാത്തനാട്ട് |
| | എയിഞ്ചല സാറാ ഏബ്രഹാം | - | കാരിമൂട്ടിൽ |
| | ലിയോണ മേരി കുര്യൻ | - | ആഞ്ഞിലിമൂട്ടിൽ |
| 23. | എയ്ഞ്ചലിൻ ആൻ അനിൽ | - | പാറയിൽ പറമ്പത്ത് |
| 24. | ലീന ആൻ ചെറിയാൻ | - | മൈലയ്ക്കൽ |
| 25. | ഉമ്മൻ തോമസ് | - | ഈട്ടിക്കൽ തകിടിയിൽ |
| | രെഞ്ചു മാത്യു | - | ചേച്ചാകുന്നിൽ |
| | കുരുവിള രോഹിത് | - | തൈപ്പറമ്പിൽ |
| | സുനിൽ ഐസക് | - | പാറടിയിൽ |
| | രൂബൻ സി. ജോൺ | - | ഇലഞ്ഞിമൂട്ടിൽ |
| 26. | അനീറ്റ സൂസൻ ജോൺസൺ | - | പാറയിൽ |
| | വർഗ്ഗീസ് ചെറിയാൻ | - | പാറയിൽ അക്കരപ്പറമ്പിൽ |
| 27. | കെ. ജോർജ്ജ് വർഗ്ഗീസ് | - | കൊച്ചുമണ്ണിൽ |
| | കെ. സജി ഏബ്രഹാം | - | രെഹബോത്ത് കുളങ്ങര |
| | ക്രിസ്റ്റീൻ ജോ കുര്യൻ | - | കാഞ്ഞിരത്തിങ്കൽ |
| 28. | ജോർജ്ജ് പി. ജോൺ | - | പൗവ്വത്തിലാത്ത് |
| | ഫേബ സാം ജോസഫ് | - | നെല്ലിമൂട്ടിൽ |

# വിവാഹ വാർഷിക സ്തോത്രം
## ജനുവരി - ഫെബ്രുവരി

## *We wish the following many years of happy married life*

**ജനുവരി**

| | | | |
|---|---|---|---|
| 3 | ജോജോ സക്കറിയ & ബിൻസി | - | തുണ്ടിയിൽ |
| | ജോർജ്ജ് ജോൺ & ബീന | - | കാലാപ്പറമ്പിൽ |
| | കുര്യൻ ചെറിയാൻ & ഷീബ | - | മുണ്ടയ്ക്കമലയിൽ |
| 5 | ഷാജി ജോർജ്ജ് & ഷേബ | - | മുല്ലപ്പള്ളിൽ |
| 6 | ഏബ്രഹാം വർഗ്ഗീസ് & ശോശാമ്മ | - | മഠത്തിൽ |
| 7 | വർഗ്ഗീസ് കുര്യൻ & സാലി | - | മുണ്ടയ്ക്കൽ മലയിൽ |
| | കോശി വർഗ്ഗീസ് & കൊച്ചുമോൾ | - | തറിക്കുന്നിൽ |
| 8 | റ്റി. വർഗ്ഗീസ് & മറിയാമ്മ | - | കൊച്ചുമണ്ണിൽ |
| 10 | ഐപ്പ് കെ. ചാണ്ടി & ഡാർലി | - | കുളങ്ങര ബഥേൽ |
| 11 | ജോർജ്ജ് പി. ജോൺ & എലിസബത്ത് | - | പൗവ്വത്തിലാത്ത് |
| 13 | ജോൺ കോശി & മോളി | - | തുരുത്തുമലതകിടിയിൽ |
| 14 | ഇ.വി. ജേക്കബ് & ജോളി | - | ഈട്ടിക്കൽ |
| | ഇ.വി. ജോർജ്ജ് & സാറാമ്മ | - | ഈട്ടിക്കൽ |
| | വർഗ്ഗീസ് ചെറിയാൻ & മേരി | - | പാറയിൽ അക്കരെപ്പറമ്പിൽ |
| 15 | വി.എം. സക്കറിയ & ഏലിയാമ്മ | - | വടശ്ശേരിൽ |
| | ഏബ്രഹാം മാത്യു & ലതാ എലിസബത്ത് | - | കാരിമൂട്ടിൽ |
| | വിജയൻ & ലത | - | താഴികയിൽ |
| | കെ.കെ.ജോർജ്ജ് & സൂസമ്മ | - | കൊച്ചുതുണ്ടിയിൽ |
| 16 | ബിജി മാത്യൂസ് & ലാലി | - | തൊട്ടിപ്പാറയ്ക്കൽ |
| 17 | Mrs. & Mr. റ്റി.റ്റി. വർഗ്ഗീസ് | - | ഈട്ടിക്കൽ തകിടിയിൽ |
| 18 | ഏബ്രഹാം ജോസഫ് & നിഷ | - | നെല്ലിമൂട്ടിൽ |
| 19 | കുരുവിള മാത്യു & സുജ ജോൺ | - | മുണ്ടയ്ക്കമണ്ണിൽ |
| 21 | മോനച്ചൻ ജേക്കബ് & ലീന അനു | - | മുണ്ടയ്ക്കൽ കോക്കോത്ത് |
| 22 | മാത്യു കുര്യൻ & ജൂലി മാത്യു | - | പാമല പുത്തൻവീട് |
| 23 | യോഹന്നാൻ കുര്യൻ & അന്നമ്മ | - | കാഞ്ഞിരത്തിങ്കൽ |
| | കോശി കെ. വർഗ്ഗീസ് & ജെസ്സി | - | വടക്കേമുണ്ടയ്ക്കൽ |
| | Mrs. & Mr. വർഗ്ഗീസ് കുര്യൻ | - | കാഞ്ഞിരത്തിങ്കൽ |
| 26 | വിമൽ മാത്യു ഗീവർഗ്ഗീസ് & ലിജി മേരി | - | പാണംകുളത്ത് |

| | | | |
|---|---|---|---|
| | ഏബ്രഹാം വർഗ്ഗീസ് & ഷേർളി | - | താഴികയിൽ |
| 28 | Mrs. & Mr. വർഗ്ഗീസ് | - | തറികുന്നിൽ |
| 29 | സ്വാമിദാസ് & ശോഭന | - | പൂമാത്തിവിള പുത്തൻവിള |
| 30 | Dr. Mrs. & Dr. മാത്യു ജോൺ | - | വല്ലേട്ട് |
| | Mrs. & Mr. വർഗ്ഗീസ് പി. ഹാനോക്ക് | - | പടിഞ്ഞാറെക്കൂറ്റ് |

## ഫെബ്രുവരി

| | | | |
|---|---|---|---|
| 4 | Mrs. & Mr. ജോൺ വർഗ്ഗീസ് | - | പാലയ്ക്കൽ |
| | എബി വർഗ്ഗീസ് & നോബി | - | മുണ്ടയ്ക്കമലയിൽ |
| 6 | ബിജു ജോൺ കുര്യൻ & ബിബി | - | മുണ്ടയ്ക്കൽ മലയിൽ |
| | ഈപ്പൻ കെ. ചെറിയാൻ & ശോശാമ്മ | - | കട്ടത്തറ |
| | കെ.കെ ഏബ്രഹാം & മറിയാമ്മ | - | രഹബോത്ത് കുളങ്ങര |
| 7 | കെ.ജെ. സാമുവേൽ & ലൈല | - | കാവുമണ്ണിൽ |
| 8 | വർഗ്ഗീസ് ജോൺ & ശോശാമ്മ | - | കോടംപള്ളിൽ എബനേസർവില്ല |
| 11 | ഒ.കെ. തോമസ് & ഗ്രേസിതോമസ് | - | ഒറ്റപ്ലാമൂട്ടിൽ |
| | Mrs. & Mr. ബാബുക്കുട്ടി മാത്യു | - | ഒറ്റപ്ലാമൂട്ടിൽ |
| | സി. ചാണ്ടി & പൊന്നമ്മ ചാണ്ടി | - | തൊട്ടിപ്പാറയ്ക്കൽ |
| | ഏബ്രഹാം റ്റി. മാത്യു & ജീന സൂസൻ | - | തൈപ്പറമ്പിൽ |
| 12 | പി.സി. അലക്സാണ്ടർ & അന്നമ്മ | - | പാമല പുത്തൻവീട്ടിൽ |
| 14 | ഇ.വി. ചെറിയാൻ & മോളി | - | ഈട്ടിക്കൽ |
| 15 | കെ.എ. ജോൺ & അന്നമ്മ ജോൺ | - | കാലാപ്പറമ്പിൽ |
| | സാം വി. ജേക്കബ് & സ്മിത | - | തൈപ്പറമ്പിൽ |
| 16 | ഏബ്രഹാം ഏബ്രഹാം & ഏലിയാമ്മ | - | ഇലഞ്ഞിമൂട്ടിൽ |
| 18 | അനിൽ വർഗ്ഗീസ് & ബീന അനിൽ | - | പാറയിൽ പറമ്പത്ത് |
| 19 | ജോൺസി ജേക്കബ് & എൽസി | - | കച്ചിറ |
| 20 | രാജീവ് മോൻസി വർക്കി & ലിൻസി | - | ഈട്ടിക്കൽ |
| | കെ. ജോസഫ് തോമസ് & എൽസി | - | വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ |
| | വർഗ്ഗീസ് തോമസ് & സിസി | - | കൊച്ചുതുണ്ടിയിൽ |
| 22 | റ്റി.ജെ. ജോൺ & ഷേർലി ജോൺ | - | തുരുത്തുമല തകിടിയിൽ |
| | പി.വി. തങ്കച്ചൻ & മേരിക്കുട്ടി | - | പടിഞ്ഞാറെക്കുറ്റ് |
| | സി.റ്റി. തോമസ് & മേരി തോമസ് | - | ചേച്ചാകുന്നിൽ |
| | റ്റോം ജോൺസൺ & മീന | - | പാറയിൽ |
| 23 | അനീഷ് വി. ജോർജ്ജ് & പ്രീത | - | അമ്പാട്ടുകുന്നേൽ |
| | Mrs. & Mr. അനീഷ് സി. മാത്യു | - | തൊട്ടിപ്പാറയ്ക്കൽ |
| 24 | ജേക്കബ് ജോൺ & കല | - | തൈപ്പറമ്പിൽ |
| 26 | കെ.ജെ. വർഗ്ഗീസ് & അന്നമ്മ | - | കോട്ടയ്ക്കപ്പറമ്പിൽ |
| 28 | ചാണ്ടി എൻ. ജോർജ്ജ് & ഉഷ | - | നെല്ലിമൂട്ടിൽ |
| | ഈപ്പൻ ചാണ്ടി & ബിൻസി | - | ഇലവിനാകുഴിയിൽ |

# സെന്റ് സ്റ്റീഫൻസ് സി. എസ്.ഐ. ചർച്ച് മുണ്ടിയപ്പള്ളി

## മാസത്തിരട്ട് - 2013 ഒക്ടോബർ

| വരവ് | തന്മാസം | | ചെലവ് | തന്മാസം | |
|---|---|---|---|---|---|
| മുൻമിച്ചം – ക്യാഷ് ഇൻ ഹാൻഡ് | | 50 | ഇടവകപ്പട്ടക്കാരന്റെ ശമ്പളം | 12600 | |
| ബാങ്ക് എസ്.ബി.ഐ. | 14980 | 96 | ഡി.എ. | 5040 | |
| സഹകരണബാങ്ക് | 345373 | 19 | പി.എഫ്. | 1260 | |
| എൻഡോവ്മെന്റ് എഫ്.ഡി. | 1722710 | 00 | ലോക്കൽ അലവൻസ് | 2250 | |
| എൻഡോവ്മെന്റ് പലിശ | 200569 | 50 | വാഹന അലവൻസ് | 3000 | |
| മാസവരി | 1000 | | കപ്യാർ ശമ്പളം | 7000 | |
| ഞായർ പിരിവ് | 21838 | | വിശുദ്ധ സംസർഗ്ഗം വക | 275 | |
| പിടിയരി | 2516 | 50 | ടെലഫോൺ | 1133 | |
| ദാനം/സ്തോത്രം | 6200 | | കമ്മറ്റി/കൗൺസിൽ | 450 | |
| വിവാഹവാർഷികം | 1850 | | സാധുജനസഹായം | 2000 | |
| പിറന്നാൾ സ്തോത്രം | 6970 | | സ്റ്റേഷനറി | 80 | |
| വിവാഹ സംഭാവന | 5000 | | പോസ്റ്റേജ് / അച്ചടി | 1070 | |
| വീഡിയോ ഫീസ് | 4000 | | ലേബർ ചാർജ്ജ് | 1000 | |
| പ്രത്യേക മുതൽ സംഭാവന | 15000 | | ക്യൂറേറ്റ് അലവൻസ് | 1000 | |
| പ്രത്യേക കവർ പിരിവുകൾ | 14750 | | പലവക ചെലവുകൾ | 23291 | |
| മിഷനറി പ്രവർത്തനങ്ങൾ | | | ജനറേറ്റർ | 2280 | |
| തേക്കുമട്ടല | 50 | | ഗായകസംഘം | 2159 | |
| എഫ്.എം.പി.ബി. | 550 | | കേന്ദ്ര വിഹിതം | 8000 | |
| പറക്കാൽ | 500 | | പുരയിടം വക | 9000 | |
| ട്രൈബൽ മിഷൻ | 400 | | റ്റി.എ. | 1000 | |
| ആന്ധ്ര മിഷൻ | 50 | | നിർമ്മാണ പ്രവർത്തനങ്ങൾ | 125480 | |
| മൈസൂർ മിഷൻ | 50 | | | | |
| ഐ ഇ എം | 600 | | | | |
| മലയോര മിഷൻ | 500 | | | | |
| ഗായകസംഘം | 4000 | | | | |
| ദശാംശ സ്ത്രോത്രം | 43435 | | | | |
| ജനറേറ്റർ | 1200 | | | | |
| ആകെ വരവ് | 2414093 | 65 | | | |
| | | | ആകെ ചെലവ് | 209368 | |

| | |
|---|---|
| ആകെ വരവ് | 2414093.65 |
| ആകെ ചെലവ് | 209368.00 |
| മിച്ചം | 2204725.65 |

# സഭാപഞ്ചാംഗം

2014 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ പഞ്ചാംഗം

| | | | |
|---|---|---|---|
| 5-1-2014 | 10a.m. | പെന്തക്കൊസ്തിന് പിമ്പ് 2-ാം ഞായർ | |
| | | സർവ്വരോടുമുള്ള ദൈവത്തിന്റെ വെളിപ്പാട് | |
| | | യെശ.60:1-7 | എബ്രാ.1:1-12 |
| | | സങ്കീ.98 | മത്താ 8:5-13 |
| 12-1-2014 | 10a.m. | മഹത്വപ്രകാശനാളിന് പിമ്പ് 1-ാംഞായർ | |
| | | ശരീരം : ആദരിക്കപ്പെടേണ്ട ദൈവമന്ദിരം | |
| | | സഭാ.6:1-12 | 1 കൊരി 3:16-23 |
| | | സങ്കീ.1 | മത്താ 5:21-30 |
| 19-1-2014 | 10a.m. | മഹത്വപ്രകാശനാളിന് പിമ്പ് 2-ാം ഞായർ | |
| | | ഐക്യൂമെനിക്കൽ ഞായർ | |
| | | യെഹെ 37:15-23 | എഫെ.4:1-6 |
| | | സങ്കീ: 133 | യോഹ 15:1-12 |
| 26-1-2014 | 10a.m. | മഹത്വപ്രകാശനാളിന് പിമ്പ് 3-ാം ഞായർ | |
| | | റിപ്പബ്ലിക് ദിനം | |
| | | നെഹ 2:11-18 | 1 പത്രോ 2:13-17 |
| | | സങ്കീ. 101 | ലൂക്കോ 3:7-14 |
| ഫെബ്രുവരി | | | |
| 1-2-2014 | 10a.m. | മഹത്വപ്രകാശനാളിന് പിമ്പ് 4-ാം ഞായർ | |
| | | യേശുവിനെ സമർപ്പിക്കുന്നത് | |
| | | 1 ശമു 1:19-28 | റോമർ 11:33-12:2 |
| | | സങ്കീ.118.19-29 | ലൂക്കോ 2:22-40 |
| 9-2-2014 | 10a.m. | മഹത്വപ്രകാശനാളിന് പിമ്പ് 5-ാം ഞായർ | |
| | | ആർദ്രസ്നേഹവും സൗഖ്യവും | |
| | | യെശ 42:1-9 | യാക്കോ 5:13-8 |
| | | സങ്കീ.103:1-14 | മർക്കോ 7:31-37 |

| | | | |
|---|---|---|---|
| 16-2-2014 | 10a.m. | ഉയിർപ്പിന് മുമ്പ് 9-ാം ഞായർ | |
| | | സൃഷ്ടിയുടെ പൂർത്തീകരണമായ ശബത്ത് | |
| | | യെശ. 65:17-25 | എബ്രാ 4:2-13 |
| | | സങ്കീ.8 | മാർക്കോ 2:23-28 |
| 23-2-2014 | | ഉയിർപ്പിന് മുമ്പ് 8-ാം ഞായർ | |
| | | വീഴ്ച : സൃഷ്ടിയുടെ ഉദ്ദേശ്യലംഘനം | |
| | | ഉല്പ : 6:1-13 | റോമ 7:14-25 |
| | | സങ്കീ.32 | മത്താ 7:15-23 |

മാർച്ച് 2014

| | | | |
|---|---|---|---|
| 2-3-2014 | 10a.m. | ഉയിർപ്പിന് മുമ്പ് 7-ാം ഞായർ | |
| | | സ്ത്രീജനസഖ്യ ഞായർ | |
| | | ന്യായ 4:4-16 | റോമ. 16:1-10 |
| | | സങ്കീ.14 | യോഹ 20:11-18 |

## കൂട്ടായ്മ യോഗങ്ങൾ നവംബർ-ഡിസംബർ 2013

| | |
|---|---|
| 15-1-2014 | റ്റി.സി. മാത്യു, തൊട്ടിപ്പാറയ്ക്കൽ |
| 5-2-2104 | കെ.കെ.ചെറിയാൻ, കൊച്ചുപുരയ്ക്കൽ |
| 12-2-2014 | സി.റ്റി.തോമസ്, ചേച്ചാകുന്നിൽ |
| 19-2-2014 | കോശിമാത്യു, ഒറ്റപ്ലാമൂട്ടിൽ |
| 26-2-2014 | സാബു ജോൺ ഏബ്രഹാം, ചേച്ചാകുന്നിൽ |

സുവിശേഷ
വയലുകളിലൂടെ ....








# In Loving Memory of



**Annamma George**

Born : 16.06.1917
Died : 06.10.2007

**George Varkey**

Born : 06.12.1909
Died : 25.02.1993

**Ambattukunnil, Mundiappally**

*Inserted by:*

Varkey George & Family